**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3808** **15-07-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പള്ളിയിൽ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളിയിൽ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) | കാഞ്ഞിരപ്പള്ളിയിൽ ട്രാഫിക്ക് എൻഫോഴ്സ്മെന്റ് യൂണിറ്റ് പുതുതായി അനുവദിക്കണമെന്നാവശ്യപ്പെട്ട് ലഭിച്ച നിവേദനം പരിശോധിച്ചിട്ടുണ്ട്. പുതിയ യൂണിറ്റ് ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (ബി) | കാഞ്ഞിരപ്പള്ളിയിൽ ഗതാഗതക്കുരുക്ക് നിയന്ത്രിക്കുന്നതിന് പര്യാപ്തമായ പോലീസുകാർ കാഞ്ഞിരപ്പള്ളി സ്റ്റേഷനിലില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കാഞ്ഞിരപ്പള്ളിയിൽ ഗതാഗതക്കുരുക്ക് നിയന്ത്രിക്കുന്നതിന് കാഞ്ഞിരപ്പള്ളി പോലീസ് സ്റ്റേഷനിൽ നിന്നും പോലീസ് ഉദ്യോഗസ്ഥരെയും ഹോംഗാർഡുകളെയും നിയോഗിച്ചു വരുന്നു. |
| (സി) | ശബരിമലയിലേയ്ക്കുള്ള എഴുപത് ശതമാനം വാഹനവും കടന്നുപോകുന്ന പ്രദേശമായതിനാൽ തീർത്ഥാടന സമയത്ത് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ കൂടി കണക്കിലെടുത്ത് കാഞ്ഞിരപ്പള്ളിയിൽ അടിയന്തിരമായി ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ